കൂടുതലായി ഉണ്ടാകേണ്ടിവരുന്ന പ്ലസ് ടു സീറ്റുകൾ

95 (2970) ശ്രീ. കെ. സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ. കെ. മണി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ഡോ. എം. എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയനവർഷം പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും പൂർണ്ണമായി വേർപ്പെടുത്തുന്നതോടെ കൂടുതലായി എത്ര പ്ലസ്ടു സീറ്റുകൾ പുതുതായി ഉണ്ടാകേണ്ടി വരുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പ്രശ്നത്തിന് എപ്രകാരം പരിഹാരം കാണാൻ ഉദ്ദേശിക്കുന്നു;

(സി) അൺ എയ്ഡഡ് സ്ക്കൂളുകളിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ അനുവദിക്കുമോ ;

(ഡി) എങ്കിൽ നിലവിലുള്ള എയ്ഡഡ്, സർക്കാർ സ്ക്കൂളുകളിലെ പ്ലസ്ടു ക്ലാസ്സുകളെ ബാധിക്കാത്ത രീതിയിൽ ഇവ നടപ്പിൽ വരുത്താൻ എന്ത് നടപടി കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 65000 സീറ്റുകൾ കൂടി അനുവദിക്കേണ്ടി വരും.

(ബി) നിലവിലുള്ള ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ കൂടുതൽ ബാച്ചുകൾ അനുവദിച്ചും പുതിയ സ്ക്കൂളുകളിൽ പ്ലസ്ടു കോഴ്സുകൾ അനുവദിച്ചും പരിഹാരം കാണാനാണ് തീരുമാനം

(സി) തൽക്കാലം അങ്ങിനെ ഒരു തീരുമാനമില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് നടപടി

96 (2971) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ഗവൺമെന്റ് കോളേജിൽ പ്രീഡ്രിഗ്രിയുടെ എത്ര ബാച്ചുകൾ നിലവിലുണ്ട്; ഏതെല്ലാം ഗ്രൂപ്പുകളിൽ ;

(ബി) ഈ കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സ് ഒഴിവാക്കുന്നതിന്റെ ഭാഗമായി നെടുമങ്ങാട് മുനിസിപ്പാലിറ്റിയുടെ, നെടുമങ്ങാട് ഗേൾസ് ഹൈസ്കൂളിനു മാത്രം പ്ലസ് ടു കോഴ്സ് അനുവദിച്ച കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സ്കൂളിൽ പ്ലസ് ടുവിന് ആൺകുട്ടികൾക്ക് അഡ്മിഷൻ നൽകാതിരിക്കുന്നതുമൂലം ആൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന്

LIBRARY ARCHIVES Kerala Legislative Assembly

തടസ്സമുണ്ടാക്കുന്നത് പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ആൺകുട്ടികൾക്കും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി പൂവത്തൂർ ഹൈസ്കൂൾ, കരിപ്പൂർ ഗവൺമെന്റ് ഹൈസ്കൂൾ, നെടുമങ്ങാട് ബോയ്സ് ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2 ബാച്ചുകൾ നിലവിലുണ്ട്. ഒരു ബാച്ച് തേർഡ് ഗ്രൂപ്പിലും മറ്റൊരു ബാച്ച് ഫോർത്ത് ഗ്രൂപ്പിലും.

(ബി) ഉണ്ട്.

(സി) ഗേൾസ് ഹൈസ്കൂളിൽ ആൺകുട്ടികൾക്ക് പ്രവേശനം നൽകുന്നതു സംബന്ധിച്ച് പി. ടി. എ. യ്ക്ക് തീരുമാനം എടുക്കാവുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

വർക്കല നിയോജകമണ്ഡലത്തിലെ സ്ക്കൂളുകളിൽ പ്ലസ്ടു കോഴ്സ് അനുവദിക്കണമെന്ന ആവശ്യം

97 (2972) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വർഷം വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്ക്കൂളുകളിൽ പ്ലസ് ടു അനുവദിച്ചു കിട്ടുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വർക്കല നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ ഹൈസ്കൂളുകളിലും പ്ലസ് ടു അനുവദിക്കണമെന്നുള്ള നിവേദനം ബന്ധപ്പെട്ട സ്കൂൾ മേധാവികൾ നൽകിയിട്ടുണ്ടോ ;

(സി) തിരുവനന്തപുരം ജില്ലയിൽ എല്ലാ സൗകര്യങ്ങളുമുള്ള വർക്കല ഹൈസ്കൂളിൽ അടുത്ത വർഷം പ്ലസ് ടു കോഴ്സ് അനുവദിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ ?

ഉത്തരം

(എ) വർക്കല നിയോജകമണ്ഡലത്തിൽപ്പെട്ട കാപ്പിൽ ഗവൺമെന്റ് ഹൈസ്ക്കൂൾ, വർക്കല ഗവൺമെന്റ് മോഡൽ ഹൈസ്ക്കൂൾ, ഇടവാ ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ (അൺഎയിഡഡ്) എന്നിവയുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അർഹതയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly